# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6416      03.04.2018-ൽ മറുപടിക്ക്

## മൃഗശാലകളിലെ സുരക്ഷാ സംവിധാനങ്ങൾ

ചോദ്യം

ശ്രീ.എം.സ്വരാജ്
ശ്രീ. ഐ.ബി.സതീഷ്
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.പി.കെ.ശശി

മറുപടി

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ അപകടങ്ങളുണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ അപകടങ്ങളുണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. രക്ഷാപ്രവർത്തനംനടത്തുന്നതിനുള്ളസംവിധാനങ്ങളുടെഅപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മൃഗശാലകളിലെ സുരക്ഷാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | മൃഗശാലകളിൽ നിലവിലുള്ള ബാരിക്കേഡുകൾ കേന്ദ്ര മൃഗശാലഅതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ച് ഉയർത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മൃഗശാലകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കുന്നതിനും അത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകുമോ ? | (സി) | മൃഗശാലയ്ക്കുള്ളിൽ ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പ്ലാസ്റ്റിക്കിലുള്ള വസ്തുക്കൾ കടത്തി വിടുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. സന്ദർശകർ കൊണ്ട് വരുന്ന കുടി വെള്ള ബോട്ടിലുകളിൽ നിശ്ചിത ഫീസ് ഈടാക്കി സ്റ്റിക്കർ പതിപ്പിച്ചാണ് കടത്തി വിടുന്നത്. ബോട്ടിലുകൾ തിരികെ നൽകുമ്പോൾ ഈടാക്കിയ തുക തിരിച്ച് നൽകുന്നുണ്ട്.അകത്തേയ്ക്ക് പോകുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ 100% വും പുറത്തേയ്ക്ക് കൊണ്ട് പോകുന്നുണ്ട്. |

സെക്ഷൻ ആഫീസർ